LIBRARY ARCHIVES Kerala Legislative Assembly

സക്കാർ ഉദ്യോഗസ്ഥന്മാരും പൊതുപ്രവത്തനവും.

* 1118. [39] ശ്രീ. പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സക്കാർഉദ്യോഗസ്ഥന്മാർ പൊതുയോഗങ്ങളിൽ പങ്കെടുക്കുകയോ, പ്രസംഗിക്കുകയോ ചെയ്യരുതെന്നു് അനുശാസിക്കുന്ന നിയമങ്ങളോ, ഗവണ്മെൻറ് ആർഡറുകളോ എന്തെങ്കിലും ഇന്നു നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതാണു്; എന്നു നടപ്പിൽ വന്നു;

(സി) പൊതുക്കാര്യങ്ങളുടെ പേരിൽ പൊതുജനങ്ങളിൽ നിന്നും പണം പിരിക്കാൻ സക്കാർ ഉദ്യോഗസ്ഥന്മാർ അനുവദിക്കപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇത്തരം കാര്യങ്ങളെ നിയന്ത്രിക്കുന്ന ചില ചട്ടങ്ങൾ നിലവിലുണ്ടു്.

(ബി) ഗവണ്മെൻറ് ജീവനക്കാരുടെ നടപടിച്ചട്ടങ്ങൾ 63–ം, 64–ം, 22-2-50–ൽ നടപ്പിൽ വന്നു.

(സി) ഇതിനു് നടപടിച്ചട്ടം 16 (എ) അനുസരിച്ചു് മുൻകൂട്ടിയുള്ള ഗവണ്മെൻറ് അനുവാദം ആവശ്യമാണു്.

Central Aid to Panchayats in the Second Five Year Plan.

* 1119. [42] SHRI PRAKKULAM BHASI: Will the Minister for Local-Self-Government be pleased to state:

(a) whether the executive committee of the Central Council of Local Self Government has recommended to establish intermediary body like the District Board to supervise the work of Panchayats; and

(b) if so what action has been taken by Government?

Minister for Local Self Government (SHRI K. KOCHUKUTTAN):

(a) The Central Council of Local Self Government has recommended the establishment of an intermediary body to supervise the work of the Panchayats. This body could be an Inspector-General of Local Bodies and Municipalities (or a Director of Local Bodies).

(b) Necessary action has been taken by Government to implement the recommendation.

പുറംപോക്കു്.

* 1120. [43] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തു് പുറംപോക്കു് ഏതു് എക്കർ ഉണ്ടു്;

(ബി) ഇതിൽ തരിശുഭൂമിയായി ഏതു് എക്കർ ഉണ്ടു്: